**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **13-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേനയുള്ള മൂലധന നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. പി.വി.അൻവർ, ശ്രീ. കെ.കെ. രാമചന്ദ്രൻ, ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡാനന്തരം സംസ്ഥാന സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ദേശീയ ശരാശരിയെക്കാൾ ഉയർന്ന തോതിൽ വളർച്ച നേടുന്നതിനും കിഫ്ബി മുഖേന വൻതോതിലുള്ള മൂലധന നിക്ഷേപം പ്രധാന പങ്കുവഹിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഏർപ്പെടുത്തേണ്ടിവന്ന ലോക് ഡൌൺ സാഹചര്യങ്ങൾ പൊതുസമൂഹത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതിനൊപ്പം, സർക്കാരിന്റെ നികുതി വരുമാനത്തിലും ഗണ്യമായ കുറവ് ഉണ്ടായി. പ്രതികൂലമായ ഈ സാഹചര്യത്തിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിലും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാന സർക്കാർ അതീവജാഗ്രത പുലർത്തിയിരുന്നു. നികുതി ഇനത്തിൽ കാര്യമായ കുറവ് അനുഭവപ്പെട്ടപ്പോഴും, കിഫ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള വിഹിതം കിഫ്ബിക്ക് കൃത്യമായി നൽകുന്നതിൽ സർക്കാർ ജാഗ്രത പുലർത്തി. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.<br><br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ജിഎസ്ഡിപി (@സ്ഥിര വിലയിൽ) 12.01% ആണ്. ഇത് പ്രസ്തുത കാലയളവിലെ ജിഡിപിയുടെ ദേശീയ ശരാശരിയായ 8.7% ത്തേക്കാൾ വളരെ മുന്നിലാണ് എന്നതും കോവിഡാനന്തരം സംസ്ഥാന സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിൽ കേരളത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നതിന് തെളിവാണ്. |
| (ബി) | ഇതുവരെയുള്ള കണക്കുപ്രകാരം എഴുപത്തിമൂവായിരത്തി തൊള്ളായിരത്തി നാൽപത്തിയൊന്ന് കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവയിൽ സുപ്രധാന പദ്ധതികൾ | (ബി) | നാളിതുവരെ വിവിധ വകുപ്പുകളിലായി 73,908.64 കോടി രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 53,908.64 കോടി രൂപയുടെ 986 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ കിഫ്ബി-ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 22,846.24 കോടി രൂപയുടെ 7 പദ്ധതികളും ഉൾപ്പെടുന്നു. വകുപ്പ് തിരിച്ചുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ൽ കാണാവുന്നതാണ്. ഇങ്ങനെ സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി |

| | | | |
|---|---|---|---|
| | ഏതൊക്കെയെന്ന് അറിയിക്കാമോ; | | റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ൽ കാണാവുന്നതാണ്.<br><br>കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ സുപ്രധാനമായ പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br><br>• മലയോര ഹൈവേ പദ്ധതി.<br>• തീരദേശ ഹൈവേ പദ്ധതി.<br>• തടയണകളുടെ നിർമ്മാണം.<br>• തീരദേശ സംരക്ഷണം, പുലിമുട്ട് സ്ഥാപിക്കൽ.<br>• തെരുവുവിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റുന്ന “നിലാവ് “ പദ്ധതി.<br>• വെസ്റ്റ് കോസ്റ്റ് കനാൽ വികസന പദ്ധതി.<br>• കൊച്ചി - സംയോജിത ജലഗതാഗത പദ്ധതി.<br>• കെ – ഫോൺ പദ്ധതി.<br>• ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി.<br>• ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡ് പദ്ധതി.<br>• വ്യവസായ പാർക്കുകൾ.<br>• ഗിഫ്റ്റ് സിറ്റി.<br>• കൊച്ചി ബാംഗ്ലൂർ വ്യവസായി ഇടനാഴി.<br>• തീരദേശ സ്കൂളുകളുടെ നവീകരണം.<br>• കോളേജുകൾ, സർവ്വകലാശാലകൾ എന്നിവയുടെ നവീകരണം.<br>• 11300 സ്കൂളുകൾക്കായുള്ള ഹൈടെക് ലാബ് പദ്ധതി.<br><br>44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി. |
| (സി) | അംഗീകരിക്കപ്പെട്ട പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണം സാധ്യമാകുന്നുവെന്നുറപ്പുവരുത്താൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ; | (സി) | നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിലെ തടസങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തി വരുന്നു.<br><br>കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത്<br>കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുന്ന രീതി നിലവിലുണ്ട്.<br>പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി |

| | | | |
|---|---|---|---|
| | | | എസ്.പി.വികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തു നിന്നും നൽകി വരുന്നു. |
| (ഡി) | കിഫ്ബിക്കെതിരെ വിവിധ കേന്ദ്ര ഏജൻസികളുടെ പങ്കാളിത്തത്തോടെ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങൾ വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | 2016-ൽ ഐകകണ്ഠേനയാണ് കേരള നിയമസഭാ കിഫ്ബി ഭേദഗതി നിയമം പാസാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തന മികവാണു കിഫ്ബി എന്ന സ്ഥാപനം കാഴ്ച്ച വെച്ചത്. വളരെ പ്രൊഫെഷണലായുള്ള പ്രവർത്തന രീതികളാണ് കിഫ്ബിയെ ഇതിനു സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽ തന്നെ കിഫ്ബി ആഭ്യന്തര അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുൻപിൽ കണ്ടു തുടങ്ങി. ഇങ്ങനെ ഭാവി കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധമാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകുവാൻ സർക്കാരിനും കിഫ്ബിയ്ക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര – അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്തു മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടു പോകുവാൻ കഴിയൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും, കിഫ്ബി മുഖേന കേരളത്തിന്റെ സുപ്രധാന അടിസ്ഥാന വികസന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തതെങ്കിലും നാളിതുവരെ കിഫ്ബി മുഖേന ആകെ 73,908.64 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. 22,192.59 കോടി രൂപ പദ്ധതികളിലേക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിസന്ധികൾക്കിടയിലും കിഫ് ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുക വഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ കിഫ് ബി മുഖേനയുള്ള പദ്ധതികൾക്കായി.

ഈ കാലയളവിൽ കിഫ്ബിയിലൂടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളായ ഹൈടെക് സ്കൂളുകൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനു പുറമെ 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകളും, ജില്ലാ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു വാർഡുകളും കിഫ്ബി വഴി നിർമ്മിക്കുവാൻ പ്രഖ്യാപിച്ചിട്ടുണ്ട്.

കിഫ് ബി പദ്ധതികളിലൂടെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും മറ്റും ഉണ്ടായ മാറ്റങ്ങൾ കോവിഡ് പ്രതിബന്ധങ്ങളിൽ നിന്നും കേരള സമൂഹത്തെ സാധാരണഗതിയിൽ എത്തിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുവാൻ കിഫ്ബിക്കു കഴിയും എന്നാണ് ഫിച്ച് റേറ്റിംഗ് എന്ന ഏജൻസി 2020 ലെ കിഫ്ബിയുടെ വാർഷിക ക്രെഡിറ്റ് അവലോകന റിപ്പോർട്ടിൽ പ്രതിപാദിച്ചത്. 2022-2024 കാലഘട്ടത്തിൽ കിഫ്ബിയുടെ നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നിർവഹണം അതിന്റെ പാരമ്യതയിൽ ആയിരിക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ആയതിനാൽ കിഫ്ബി മുഖേനയുള്ള ഇത്തരത്തിലുള്ള സകർമ്മകമായ

പ്രവർത്തങ്ങൾ കോവിഡ് മൂലം കേരളം നേരിടുന്ന സാമ്പത്തിക മാന്ദ്യം തരണംചെയ്യുന്നതിൽ തുടർന്നും മുഖ്യമായ പങ്കുവഹിക്കും എന്നതിൽ സംശയമില്ല. ഇത്തരത്തിലുള്ള വികസന പ്രവർത്ത രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

| Status of KIIFB Approved projects - Department Wise | | |
|---|---|---|
| **Department** | **KIIFB Approved Projects** | |
| | **No. of Projects Approved** | **Approved Amount (Rs.in Crore)** |
| PWD | 449 | ₹ 25,677.85 |
| Agriculture | 1 | ₹ 21.43 |
| Ayush | 2 | ₹ 183.05 |
| Backward Classes Development Department | 1 | ₹ 17.73 |
| Coastal Shipping & Inland Navigation | 8 | ₹ 1,865.44 |
| Culture | 17 | ₹ 464.59 |
| Devaswom | 2 | ₹ 138.51 |
| Fisheries and Ports | 26 | ₹ 517.29 |
| Forest | 4 | ₹ 458.82 |
| General Education | 142 | ₹ 2,869.30 |
| Health & Family Welfare | 65 | ₹ 4,964.23 |
| Higher Education | 52 | ₹ 1,143.56 |
| Home | 6 | ₹ 220.14 |
| Industries | 1 | ₹ 62.16 |
| Information Technology | 3 | ₹ 1,412.86 |
| Labour & Skills | 5 | ₹ 84.92 |
| Local Self Government | 21 | ₹ 615.73 |
| Power | 18 | ₹ 5,200.00 |
| Registration | 6 | ₹ 88.65 |
| Revenue | 2 | ₹ 32.62 |
| SC/ST Development | 10 | ₹ 182.23 |
| Sports & YA | 38 | ₹ 784.34 |
| Tourism | 11 | ₹ 417.02 |
| Transport | 3 | ₹ 600.98 |
| Water Resources | 93 | ₹ 5,885.19 |
| **Total** | **986** | **₹ 53,908.64** |

| Projects under Land Acquisition Pool of ₹ 20,000 Crore | | |
|---|---|---|
| PWD-NHAI | 1 | ₹ 6,769.01 |
| Industries (Under LA Pool) | 6 | ₹ 16,077.23 |
| *Industrial Parks - 3 projects -* ***₹13988.63 Cr*** | | |
| *Taking over of land from HNL -* ***₹200.60 Cr*** | | |
| *Kochi - Banglore Industrial Corridor & Gift City -* ***₹1888.00 Cr*** | | |
| **Total** | **7** | **₹ 22,846.24** |

| KIIFB Approved Projects - Grand Total | | |
|---|---|---|
| Infrastructure Projects | 986 | ₹ 53,908.64 |
| Projects under Land Acquisition Pool | 7 | ₹ 20,000.00 |
| **Total** | **993** | **₹ 73,908.64** |

അനുബന്ധം 2

## കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ) |
|---|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് | 223 റോഡുകൾ | ₹ 25,677.85 |
| | | 91 പാലങ്ങൾ | |
| | | 34 മലയോര ഹൈവേ സ്ട്രെച്ചുകൾ | |
| | | 57 റെയിൽവേ മേൽപാലങ്ങൾ | |
| | | 26 തീരദേശ ഹൈവേ സ്ട്രെച്ചുകൾ | |
| | | 1 അടിപ്പാത | |
| | | 15 ഫ്ളൈഓവറുകൾ | |
| | | തീരദേശ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനും അതിൻ്റെ സ്ഥലമേറ്റെടുപ്പിനും | |
| | | ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡ് | |
| 2 | കായിക യുവജന ക്ഷേമം വകുപ്പ് | 1 അക്വാട്ടിക് കോംപ്ലക്സ് | ₹ 784.34 |
| | | 35 പദ്ധതികളിലായി 44 സ്റ്റേഡിയങ്ങൾ | |
| | | 2 കായിക സ്കൂളുകൾ | |
| 3 | സാംസ്കാരിക കാര്യ വകുപ്പ് | 9 സിനിമ തിയേറ്റർ സമുച്ചയങ്ങൾ | ₹ 464.59 |
| | | 1 ഫിലിം സിറ്റി നവീകരണം | |
| | | 7 സാംസ്കാരിക സമുച്ചയങ്ങൾ | |
| 4 | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് | 61 ആശുപത്രികൾ | ₹ 4,964.23 |
| | | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ഒന്നാം ഘട്ടത്തിലേക്കുള്ള ഉപകരണങ്ങൾ | |
| | | 140 മണ്ഡലങ്ങളിലെ ആശുപത്രികളിൽ 10 കിടക്കകളോട് കൂടിയ ഐസൊലേഷൻ വാർഡുകൾ | |
| | | 2 പദ്ധതികളിലായി 10 CCU, 10 Cathlab, 56 Dialysis units | |
| 5 | ഫിഷറീസ് വകുപ്പ് | 9 പദ്ധതികളിലായി 51 ഫിഷ് മാർക്കറ്റുകൾ മെച്ചപ്പെടുത്തൽ | ₹ 517.29 |
| | | 2 തീരദേശ സംരക്ഷണം | |
| | | 2 തുറമുഖ സംരക്ഷണം | |
| | | 12 പദ്ധതികളിലായി 57 തീരദേശ സ്കൂളുകളുടെ നവീകരണം | |
| | | പുലിമുട്ട് സ്ഥാപിക്കൽ (6 ഇടങ്ങളിൽ) | |
| 6 | ജലവിഭവ വകുപ്പ് | 12 തടയണകൾ | ₹ 5,885.19 |
| | | 61 കടിവെള്ള പദ്ധതികൾ | |
| | | 11 പദ്ധതികളിലായി നൂറോളം സ്ഥലങ്ങളിൽ കടിവെള്ള പൈപ്പ് മാറ്റിസ്ഥാപിക്കൽ | |
| | | 5 ഇടങ്ങളിൽ പുലിമുട്ട് സ്ഥാപിക്കൽ | |
| | | ചെല്ലാനം കടൽഭിത്തി നവീകരണം, പുലിമുട്ട് സ്ഥാപിക്കൽ | |
| | | ഒറ്റമശ്ശേരി, കാട്ടൂർ, പൊള്ളത്തായി, കക്കാഴം, നെല്ലാനിക്കൽ എന്നിവടങ്ങളിൽ പുലിമുട്ട് സ്ഥാപിക്കൽ, തീരദേശ സംരക്ഷണം | |
| | | 2 കനാൽ നവീകരണം | |
| 7 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 52 പദ്ധതികളിലായി 51 ആർട്സ് കോളേജുകൾ, 6 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക് കോളേജുകൾ, 5 പൈതൃക കോളേജുകൾ, 5 സർവ്വകലാശാലകൾ എന്നിവയുടെ നവീകരണം | ₹ 1,143.56 |
| 8 | തദ്ദേശ സ്വയംഭരണ വകുപ്പ് | 6 പദ്ധതികളിലായി 8 മുനിസിപ്പാലിറ്റി ബിൽഡിംഗ് | ₹ 615.73 |
| | | 6 പദ്ധതികളിലായി 8 അറവുശാലകൾ | |
| | | 2 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | |
| | | 5 പദ്ധതികളിലായി 7 മാർക്കറ്റ് നവീകരണം | |
| | | നിലാവ്- തെരുവുവിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റുന്ന പദ്ധതി | |
| | | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം | |
| 9 | ടൂറിസം വകുപ്പ് | 5 ഘട്ടങ്ങളിലായി ആലപ്പുഴ പൈതൃക പദ്ധതിയുടെ നവീകരണം | ₹ 417.02 |
| | | തലശ്ശേരി പൈതൃക പദ്ധതി 2 ഘട്ടങ്ങൾ | |
| | | ആക്കുളം കായൽ നവീകരണം | |
| | | 3 ബീച്ച് നവീകരണം | |

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ) |
|---|---|---|---|
| 10 | പൊതുവിദ്യാഭ്യാസം | 140 പദ്ധതികളിലായി 876 സ്കൂളുകൾ | ₹ 2,869.30 |
| | | സ്കൂളുകളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്ന 2 പദ്ധതികൾ (11300 സ്കൂളുകൾക്കായുള്ള ഹൈടെക് ലാബ് പദ്ധതി , 44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള മറ്റൊരു പദ്ധതി) | |
| 11 | കൃഷി വകുപ്പ് | 1 അഗ്രോപാർക്ക് - തൃശ്ശൂർ | ₹ 21.43 |
| 12 | ആയുഷ് വകുപ്പ് | 1 ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മട്ടന്നൂർ, കണ്ണൂർ | ₹ 183.05 |
| | | ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഘട്ടം 2 ലേക്കായുള്ള സ്ഥലമേറ്റെടുപ്പ് | |
| 13 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലൻഡ് നാവിഗേഷൻ | വെസ്റ്റ് കോസ്റ്റ് കനാൽ ഗതാഗതയോഗ്യമാക്കി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലമേറ്റെടുപ്പിനും പുനരധിവസിപ്പിക്കുന്നതിനുമായി 5 പദ്ധതികൾ | ₹ 1,163.03 |
| | | കൊച്ചി - സംയോജിത ജലഗതാഗത പദ്ധതിയുടെ 3 ഘട്ടങ്ങൾ | ₹ 702.41 |
| 14 | ദേവസ്വം | ശബരിമല മാസ്റ്റർ പ്ലാൻ 2 പദ്ധതികൾ | ₹ 138.51 |
| 15 | വനം വകുപ്പ് | 1 ഫോറെസ്റ്റ് ഫെൻസിങ് | ₹ 458.82 |
| | | 1 ആന പുനരധിവാസ കേന്ദ്രം - കോട്ടൂർ | |
| | | 2 സുവോളജിക്കൽ പാർക്ക് -പുത്തൂർ | |
| 16 | ആഭ്യന്തര വകുപ്പ് | 6 കോർട്ട് കോംപ്ലക്സുകൾ | ₹ 220.14 |
| 17 | വിവര സാങ്കേതിക വകുപ്പ് | KFON | ₹ 1,412.86 |
| | | 2 IT പാർക്കുകൾ | |
| 18 | തൊഴിലും നൈപുണ്യവും വകുപ്പ് | 5 പദ്ധതികളിലായി 10 ITI കൾ | ₹ 84.92 |
| 19 | വൈദ്യുതി വകുപ്പ് | 18 ട്രാൻസ്ഗ്രിഡ് പദ്ധതികൾ | ₹ 5,200.00 |
| 20 | രജിസ്ട്രേഷൻ വകുപ്പ് | 6 പദ്ധതികളിലായി 51 സബ്‌രജിസ്ട്രാർ ഓഫീസുകളും 1 രജിസ്ട്രേഷൻ ഓഫീസ് സമുച്ചയവും | ₹ 88.65 |
| 21 | റവന്യൂ വകുപ്പ് | 2 റവന്യൂ ടവറുകൾ | ₹ 32.62 |
| 22 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | 7 പദ്ധതികളിലായി 25 ITI കൾ | ₹ 182.23 |
| | | 1 സൈബർ പാർക്ക് | |
| | | 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ | |
| 23 | ഗതാഗത വകുപ്പ് | 1 മൊബിലിറ്റി ഹബ്ബ് - ആലപ്പുഴ | ₹ 600.98 |
| | | 1- 310 CNG Bus, 50 Electric Bus എന്നിവ വാങ്ങുന്നതും 400 Diesel ബസുകൾ LNG ബസുകളാക്കി മാറ്റുന്നതും | |
| | | 1 ആലപ്പുഴ കനാൽ ജലഗതാകത നവീകരണം | |
| 24 | പിന്നാക്ക വിഭാഗ വികസന വകുപ്പ് | ക്രാഫ്റ്റ് വില്ലേജ് | ₹ 17.73 |
| 25 | വ്യവസായ വകുപ്പ് | ഓംഗോളജി പാർക്ക് | ₹ 62.16 |
| | **ആകെ (986 പദ്ധതികൾ)** | | **₹ 53,908.64** |

| 20,000 കോടിയുടെ സ്ഥലമേറ്റെടുപ്പ് പാക്കേജിൽ ഉൾപ്പെടുന്ന പദ്ധതികൾ | | | |
|---|---|---|---|
| 1 | വ്യവസായ വകുപ്പ് | 3 വ്യവസായ പാർക്കുകൾക്കുള്ള സ്ഥലമെടുപ്പ് | ₹ 13,988.63 |
| | | ഗിഫ്റ്റ് സിറ്റി | ₹ 1,888.00 |
| | | കൊച്ചി ബാംഗ്ലൂർ വ്യവസായി ഇടനാഴി | |
| | | M/S HNL നുള്ള സ്ഥലമേറ്റെടുപ്പ് | ₹ 200.60 |
| 2 | പൊതുമരാമത്ത് വകുപ്പ് | NHAI ക്കുള്ള സ്ഥലമേറ്റെടുപ്പ് | ₹ 6,769.01 |
| | **ആകെ (7 പദ്ധതികൾ)** | | **₹ 22,846.24** |
| | **ആകെ മൊത്തം 933 പദ്ധതികൾ** | | **₹ 73,908.64** |

മെമ്പർ സെക്രട്ടറി